I/607296/2023

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലന വകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം

നമ്പർ: DT/602/2023-A9-Part(1) തീയതി: 21-12-2023

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - വകുപ്പിൽ നിന്ന് ജീവനക്കാരെ വിടുതൽ ചെയ്യുന്നത് - സംബന്ധിച്ച്:-

വകുപ്പിൽ സേവനത്തിലുള്ള ജീവനക്കാർക്ക് പി.എസ്.സി/എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനെയോ, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ മറ്റ് വകുപ്പുകളിൽ വിവിധ തസ്തികകളിൽ നിയമനം ലഭിക്കുമ്പോൾ വകുപ്പ് മേധാവിയുടെ അനുമതിയോടു കൂടി മാത്രമെ വിടുതൽ ചെയ്യാവൂ. എന്നാൽ, വിവിധ സ്ഥാപനങ്ങളിൽ നിന്നും മേൽ പ്രകാരമുള്ള അനുമതി ലഭ്യമാക്കാതെ ജീവനക്കാരെ വിടുതൽ ചെയ്യുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ, ടി ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടി, സാമ്പത്തിക ബാധ്യത, കോടതി കേസ് എന്നിവയിന്മേൽ വ്യക്തത വരുത്താതെയാണ് സ്ഥാപനമേധാവികൾ വിടുതൽ ചെയ്യുന്നത്. ആയത് ഗുരുതരമായ കൃത്യവിലോപമാണ്.

മേൽ സാഹചര്യത്തിൽ ഈ വകുപ്പിലെ സ്ഥിരം ജീവനക്കാർക്ക് (സ്റ്റേറ്റ്/സ്റ്റേറ്റ് സബോർഡിനേറ്റ്/ലാസ്റ്റ് ഗ്രേഡ്/പാർട്ട് ടൈം) മറ്റൊരു വകുപ്പിൽ പി.എസ്.സി/എംപ്ലോയ്മെന്റ് മുഖേനെയോ, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ നിയമനം ലഭിക്കുമ്പോൾ ട്രെയിനിംഗ് ഡയറക്ടറുടെ അനുമതിയോടു കൂടി മാത്രമേ വിടുതൽ ചെയ്യാവൂ. ആയതിൽ വീഴ്ച വരുത്തുന്ന സ്ഥാപനമേധാവികൾക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതാണ്.

JASMINE B KAS
ADMINISTRATIVE OFFICER
ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

**സ്വീകർത്താവ്:-**

എല്ലാ സ്ഥാപനമേധാവികളും.